# വാഗ്ദാനവും പ്രതിഫലവും (വെളിപാട് പഠനം50)

## പാസ്റ്റര് സി.വി. ആൻഡ്രൂസ്, അറ്റ്ലാന്റ

വാക്യം. 3: 20, 21. "ഞാന് വാതില്ക്കല് നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതില് തുറന്നാല് ഞാന് അവന്റെ അടുക്കല് ചെന്നു അവനോടും അവന് എന്നോടുംകൂടെ അത്താഴം കഴിക്കും."

ഭൌതിക നന്മകളില് ശ്രദ്ധകൊടുത്ത് ആത്മിക കൃപകളും കര്ത്താവുമായുള്ള കൂട്ടായ്മബന്ധവും നഷ്ടപ്പെടുത്തിയ ലവോദിക്യാ സഭയുടെ പുറത്തുനിന്നുകൊണ്ട് അതിന്റെ വാതില്ക്കല് കര്ത്താവു മുട്ടുന്നു. സഭയ്ക്കുള്ളില് നിന്നും കര്ത്താവു പുറത്തു വന്നത് ലവോദിക്യാ സഭ അറിഞ്ഞില്ല. "ഞാന് ധനവാന്, ഒന്നിനും മുട്ടില്ല" എന്ന ആരവാരം അകത്തു മുഴങ്ങുന്നതിനാല് കര്ത്താവു മുട്ടുന്ന ശബ്ദം അവര്ക്ക് കേള്ക്കുവാന് സാധിക്കുന്നില്ല. ഉത്തമ. 5: 2ല് "വാതില്ക്കല് മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്ക്കളങ്കേ, തുറക്കുക." "ഞാന് എന്റെ പ്രിയനുവേണ്ടി തുറന്നു. എന്റെ പ്രിയനോ പൊയ്ക്കളഞ്ഞിരുന്നു" ഉത്തമ. 5: 6. ഇവിടെ കാന്തന് മുട്ടിയിട്ടും കാന്ത തുറക്കാന് താമസിച്ചപ്പോള് നാഥന് പൊയ്ക്കളഞ്ഞു. എന്നാല് ലവോദിക്യാസഭയുടെ വാതില്ക്കല് കര്ത്താവു മുട്ടിയിട്ടു അവര് തുറക്കാതിരുന്നിട്ടും കര്ത്താവ് അവിടെ നിന്നും പോകുന്നില്ല. കാരണം കര്ത്താവിന്റെ സ്വന്തരക്തത്താല് വിലകൊടുത്തു അവരെ വിലെക്കു വാങ്ങിയതാണ്.

അവന് ഒരിക്കലും നമ്മെ തള്ളിക്കളയുവാന് ആഗ്രഹിക്കുന്നില്ല. ക്രൂശില് രക്തം ചൊരിയുവാന് പ്രേരിപ്പിച്ച ആ സ്നേഹം മുട്ടിക്കൊണ്ടേ ഇരിക്കുവാന് അവനെ നിര്ബന്ധിക്കുന്നു. വാതില്ക്കല് നിന്നു മുട്ടുന്ന ക്രിസ്തു ഉള്ളില് പ്രവേശിക്കണമെങ്കില് മനുഷ്യന് ഹൃദയ കാവടം തുറന്നു കൊടുക്കണം. അത് വലിച്ചു തുറക്കുവാന് വെളിയില് കൈപ്പിടിയില്ല. താക്കോലിട്ടു തുറക്കുവാനുള്ള മാര്ഗ്ഗവുമില്ല. അകത്തുനിന്നു പൂട്ടിയിരിക്കുന്ന ആ വാതില് അകത്ത നിന്നേ തുറക്കാന് സാധിക്കത്തൊള്ളൂ. അകത്തുനിന്നു തുറന്നുകൊടുക്കുന്നില്ലെങ്കില് കര്ത്താവിനു ഉള്ളില് പ്രവേശിപ്പാന് സാധ്യമല്ല. കര്ത്താവുമായുള്ള അഭേദ്യമായ ബന്ധം നഷ്ടപ്പെടുത്തിയവര്ക്ക് മടങ്ങിവരവിനുള്ള ആഹ്വാനം കൂടിയാണ് ഇവിടെ കാണുന്നത്. ഇവിടെ കര്ത്താവുമായുള്ള കൂട്ടായ്മ സഭയ്ക്ക് നഷ്ടമായിക്കുന്നു. അത്താഴം കഴിക്കുന്നത് കൂട്ടായ്മയെ ആണ് കാണിക്കുന്നത്. പെട്ടെന്ന് കഴിച്ചിട്ടു പോകുന്ന ലഘുഭക്ഷണം അല്ല. സമയം എടുത്തു അനുഭവിക്കുന്ന പ്രധാന ഭക്ഷണം ആണ് ഇവിടെ അര്ത്ഥമാക്കിയിരിക്കുന്നത്. നിലനില്ക്കുന്ന കൂട്ടായ്മയാണ് കര്ത്താവ് ആഗ്രഹിക്കുന്നത്. ദൈവവചനപ്രകാരം ജീവിച്ചിരിക്കമ്പോഴാണ് നിലനില്ക്കുന്ന കൂട്ടായ്മ അനുഭവിക്കുന്നത്. " യേശു അവനോട് എന്നെ സ്നേഹിക്കുന്നവന് എന്റെ വചനം പ്രമാണിക്കും. എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങള് അവന്റെ അടുക്കല് വന്ന് അവനോടുകൂടെ വാസം ചെയ്യും. "

യോഹ. 14: 23. ഞാന് അവനോടും അവന് എന്നോടും കൂടെ അത്താഴം കഴിക്കും എന്നുള്ളത് കര്ത്താവുമായി സഭയ്ക്കുള്ള ഉറച്ച ബന്ധത്തെ കാണിക്കുന്നു.

ഇവിടെ ‘ വാതില്’ എന്നത് ഏകവചനത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്. ഇത് സഭയെ മാത്രമാണ് എടുത്തുകാണിക്കുന്നത്. കര്ത്താവ് സഭയുടെ ശിരസ്സായിരിക്കേ, അഥവാ, സഭയുടെ നടുവില് ഉലാവിക്കൊണ്ടിരിക്കേണ്ടവനായിരിക്കേ, അവന് സഭയുടെ പുറത്തു നിലകൊള്ളുന്നത് വളരെ പരിതാപകരമായ അവസ്ഥയാണ്. വെളി. 1: 13ല് ഏഴുപൊന്നിലവിളക്കുകളുടെ നടുവിലാണ് യേശുവിനെ കാണുന്നത്. ഏഴുപൊന് നിലവിളക്ക് ഏഴു സഭകള് ആണല്ലോ. സഭ അറിഞ്ഞുകൊണ്ട് ക്രിസ്തുവിനെ പുറത്താക്കിയെന്നു കാണുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ അനുഭവങ്ങളില് നിന്നും ക്രിസ്തു സഭയ്ക്കുള്ളില് ത്തന്നെ ഉണ്ടെന്ന വിചാരത്തിലാണ് അവര് ഇരുന്നിരുന്നത്. ആ ചിന്താഗതിയില് ആരാധനയും പ്രവര്ത്തനങ്ങളും തടസ്സം കൂടാതെ നടക്കുകയാണ്. എന്നാല് സഭയിലെ ലോകമയത്വവും അശുദ്ധിയും നിമിത്തം ക്രിസ്തു സഭയ്ക്ക് പുറത്തുനില്ക്കുകയാണ്. ഇപ്പോള് കര്ത്താവ് സഭയുടെ വാതില്ക്കല് നിന്നു മുട്ടുകയാണ്. ‘ മുട്ടുന്നു’ എന്ന പ്രയോഗത്തില് ക്രിസ്തുവിന്റെ നിരന്തരമായ ആഹ്വാനമാണ് കാണുന്നത്. വളരെ ക്ഷമാപൂര്വ്വം മുട്ടിക്കൊണ്ടിരിക്കുകയാണ്. ‘ ആരെങ്കിലും ’ എന്ന പദം വ്യക്തിപരമായ ഒരു കാര്യത്തെയാണ് അര്ത്ഥമാക്കുന്നത്. സര്ദ്ദിസില് ഒരു ചെറിയ ശേഷിപ്പുണ്ട് എന്നു കര്ത്താവ് പറയുന്നു. ഇവിടെ കര്ത്താവ് വ്യക്തിപരമായിട്ട് ഇടപെടുന്നു. ഈ മന്ദോഷ്ണ സഭയ്ക്ക് ജീവനുണ്ടാകുവാനുള്ള വഴി ഒരോരുത്തരുടെയും ഹൃദയവാതില് തുറന്നു ക്രിസ്തുവിനെ പ്രവേശിപ്പിച്ച് അവനുമായുള്ള കൂട്ടായ്മ ബന്ധം പുനഃസ്ഥാപിക്കുകയാണ് ആവശ്യം. ഓരോരുത്തരും വ്യക്തിപരമായി കര്ത്താവിന്നായി സമര്പ്പിക്കണം. കൂട്ടായ്മ വചനപ്രകാരം ശക്തിപ്പെടുത്തണം. അപ്പോള് വന്കാര്യങ്ങള് ആ സഭയിലൂടെ കര്ത്താവു പ്രവര്ത്തിക്കും. കര്ത്താവ് ആഗ്രഹിക്കുന്നത് തന്റെ ജനവുമായുള്ള നിരന്തര കൂട്ടായ്മയാണ്. കര്ത്താവ് വാതില്ക്കല് മുട്ടുന്നത് ദൈവവചനത്തില് കൂടിയോ, ദൈവദാസന്മാരില് നിന്നും കേള്ക്കുന്ന ദൂതില് കൂടിയോ, ജീവിതത്തില് നേരിടുന്ന ചില സംഭവങ്ങളില് കൂടെയോ, ദര്ശനങ്ങളില് കൂടെയോ ആയിരിക്കും. നാം അത് മനസ്സിലാക്കി നമ്മുടെ ഹൃദയം സമര്പ്പിച്ചു കര്ത്താവിന്നായി തുറന്നു കൊടുക്കേണം. അങ്ങനെ ചെയ്താല് “ഞാന് ഞാന് അവന്റെ അടുക്കല് ച□ □ □ □ അവനോടും അവന് എന്നോടുംകൂടെ അത്താഴം കഴിക്കും” എന്നതാണ് അവിടുത്തെ വാഗ്ദത്തം. ലാവോദിക്യാ സഭ ക്രിസ്തുവുമായുള്ള നിരന്തര കൂട്ടായ്മ ബന്ധം നഷ്ടപ്പെട്ടു പോയതിനാല് സഭ ജീവനില്ലാതെ ആയിപ്പോയി.

ഫിലദെല്ഫിയ സഭയ്ക്കു മുമ്പില് കര്ത്താവ് ഒരു വാതില് തുറന്നുകൊടുത്തു. 3: 8. ലവോദിക്യാ സഭയില് ആകട്ടെ കര്ത്താവ് വാതിലിനു വെളിയില് നിന്ന് മുട്ടുന്നു. അവരുടെ പണക്കൊഴുപ്പിനാല് കര്ത്താവിന് അവരുടെ ഇടയില് സ്ഥാനമില്ലാതായിരിക്കുന്നു. കര്ത്താവിലെ വിലയേറിയ രക്തത്തത്താല്

വീണ്ടെടുക്കപ്പെട്ട ഇവരെ കര്ത്താവ് സ്നേഹിച്ച് അവര്ക്ക് അവസരം കൊടുത്തു വാതില്ക്കല് നിന്ന് മുട്ടുകയാണ്. മന്ദോഷ്ണ സഭയിലുള്ള എല്ലാ സഭകള്ക്കും പ്രശ്നപരിഹാരം ഉണ്ടാകണമെങ്കില് സഭയ്ക്കുള്ള ഓരോരുത്തരും തങ്ങളുടെ ഹൃദയവാതില് തുറന്ന് കര്ത്താവിനെ വീണ്ടും കൈക്കൊള്ളേണം. ആരും തുറന്നില്ലെങ്കിലും ബലമായി അകത്തു പ്രവേശിക്കുവാന് കഴിവുള്ളനാണ് നമ്മുടെ കര്ത്താവ്. യഹൂദന്മാരെ പേടിച്ച് വാതില് അടച്ച് അകത്തിരുന്ന ശിഷ്യന്മാരുടെ നടുവില് ആരും തുറക്കാതെ അവന് പ്രവേശിച്ചു. യോഹ. 20: 19. ആരും അടെക്കാതെവണ്ണം തുറപ്പാന് കഴിയുന്നവനാണ് നമ്മുടെ കര്ത്താവ്. എന്നാല് ഇവിടെ ആരെങ്കിലും തുറന്നാല് എന്ന നിബന്ധന വെക്കാന് കാരണം, കര്ത്താവിന് സ്വാതന്ത്ര്യം നല്കാതെ സഭയുടെ വാതില് അടെച്ചു അകത്തുനിന്ന് താഴിട്ട് പാകത്തിന് അവരെക്കൊണ്ടു തന്നെ തുറപ്പിക്കാന് കര്ത്താവ് തീരുമാനിച്ചിരിക്കുന്നു. അവരിട്ട കൊളുത്ത് അവര്തന്നെ എടുക്കണം. ആരെങ്കിലും തുറന്നാല് മതി. ആരെങ്കിലും അതിനായിട്ടു മുന്നോട്ടു വരണം. അടങ്ങിയിരിക്കരുത്. ഏതെങ്കിലും ഒരു വ്യക്തി എഴുന്നേറ്റ് ഈ ബന്ധനം അഴിക്കേണം. സഭയുടെ ഈ മന്ദോഷ്ണം മാറണം. സഭയുടെ അദ്ധ്യക്ഷന് തുറക്കണമെന്നില്ല. ആരെങ്കിലും തുറന്നാല് മതി. അവരോടുകൂടി അത്താഴം കഴിക്കാന് കൂട്ടായ്മ ആചരിക്കാന് കര്ത്താവ് ആഗ്രഹിക്കുന്നു. ദീര്ഘമായിമുട്ടിയിട്ടും തുറക്കാതിരുന്നിട്ടും ആരും ശ്രദ്ധിക്കാതിരുന്നിട്ടും സാമാന്യമായി സംഭവിക്കാവുന്ന ക്ഷോഭമോ, വേദനയോ കാര്യമാക്കാതെ പിന്നെയും മുട്ടിനില്ക്കുന്നു. യേശുവിന്റെ നിസ്തുല്യമായ സ്നേഹം എത്രയോ വലുത്. അവര്ക്കുവേണ്ടി രക്തം ചൊരിഞ്ഞു വിലക്കു വാങ്ങപ്പെട്ട ഇവരെ തള്ളിക്കളയുവാന് കര്ത്താവിന് കഴിയുന്നില്ല. യാതൊന്നിന്നാലും അറുത്തുകളയാന് കഴിയാത്ത ആ സ്നേഹത്തിന്റെ ശക്തി അപാരം തന്നെ. ശിഷ്യന്മാരുമായി അത്താഴം ഒരുമിച്ച് കഴിച്ചവനെ ശിഷ്യഗണമെന്നവകാശപ്പെടുന്നവര് പുറത്ത് നിര്ത്തിയിരിക്കുകയാണ്. അത്താഴം വീണ്ടും ഒന്നിച്ചു കഴിക്കുവാന് താന് ആഗ്രഹിക്കുന്നു. ദൈവസ്നേഹം നിറഞ്ഞവരായി ദൈവമക്കള് തന്നെ അനുകരിക്കണമെന്നാണ് തന്റെ ആഗ്രഹം. അകത്ത് യോഗത്തില് പ്രാര്ത്ഥനയും പ്രസംഗവും സ്തുതിയുമെല്ലാം പതിവുപോലെ നടക്കുന്നു. പക്ഷേ, കര്ത്താവ് പുറത്താണെന്ന വസ്തുതയെക്കുറിച്ച് കൂടിയിരിക്കുന്നവര്ക്ക് യാതൊരു ബോധവുമില്ല. കര്ത്താവു തന്നെ വാതിലിനു പുറത്തായിരിക്കുന്ന ഒരു സഭയുടെ ഭാഗമായി ഒരിക്കലും നില്ക്കരുത്. അവിടുന്ന് പുറത്താണെങ്കില് നിങ്ങള് എന്തിന് അകത്തായിരിക്കണം? മണവാളന് പുറത്താണെങ്കില് തന്റെ മണവാളനോടൊത്താണ് മണവാട്ടിയും നില്ക്കേണ്ടത്. അല്ലെങ്കില് തീക്ഷണതയോടെ അനുതപിക്കുമ്പോള് അവര്ക്ക് വാതില് തുറന്നുകൊടുപ്പാന് കഴിയുമെന്ന് ഈ വാക്യത്തില് നിന്നും മനസ്സിലാക്കണം. കര്ത്താവ് അകത്ത് പ്രവേശിച്ച് നാമുമായി നമ്മുടെ ആത്മാവില് കൂട്ടായ്മ ആചരിക്കും. ആത്മീക സമ്പത്തിനെ വിലമതിക്കുന്നവര്, അരുമനാഥന്റെ സ്വരത്തില് ചെവിചായിക്കുന്നവര്, അവരുമായി കൂട്ടായ്മ പുലര്ത്തുവാന് കര്ത്താവ് ഒരുങ്ങിയിരിക്കുന്നു. അത്താഴം യഹൂദന്മാര്ക്കും യവനന്മാര്ക്കും സമൃദ്ധിയായ ഭക്ഷണത്തെ കുറിക്കുന്നു. കര്ത്താവിന്റെ വാക്ക്

അനുസരിച്ചവര്ക□ നല്ല വീഞ്ഞും പെരുത്ത മീന്കൂട്ടവും ലഭിച്ചതോര്ക്കുക. അതുപോലെ കര്ത്താവിന്റെ ശബ്ദം കേട്ടു വാതില് തുറന്നാല് സമൃദ്ധിയുടെ അവസ്ഥയില് എത്തിച്ചേരും. തങ്ങളുടെ സ്നേഹത്തിന്റെയും ആരാധനയുടെയും കേന്ദ്രമായി കര്ത്താവിനെ നാം കാത്തിരിക്കണം. ലൂക്കോ. 12: 35, 36യ ക്രിസ്തു തങ്ങളുടെ മദ്ധ്യത്തില് നിന്ന് പോകുകയും സഭ അത് അറിയാതിരിക്കുകയും ചെയ്യുമെന്ന് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു.

ഈ പ്രശ്നം പരിഹരിക്കണമെങ്കില് നീയാല് ശോധന കഴിച്ച പൊന്നും വെള്ളയുടുപ്പും, ലേപവും വിലക്കുവാങ്ങണം. ജാഗ്രത പുലര്ത്തണം. താന് മുട്ടുന്ന ശബ്ദം കാതുകളില് കേള്ക്കാത്ത വിധം മുഴക്കുന്ന ആരവാരം നിറുത്തി തന്റെ ശബ്ദം കേള്ക്കാന് ജാഗ്രത പുലര്ത്തണം. മറ്റു സഭകള് തങ്ങളുടെ തെറ്റുകള് തിരുത്തി മാനസാന്തരപ്പെട്ടതുപോലെ ഈ സഭയും മാനസാന്തരപ്പെടേണം.വാതില് തുറക്കേണം. കര്ത്താവിനു സ്വാതന്ത്ര്യം നല്കാതെ വാതില് അടെച്ച് അകത്ത് കൊളുത്തിട്ടിക്കുന്നവര് എഴുന്നേറ്റു തുറക്കണം. എങ്കില് മാത്രമേ തനിക്ക് സ്വാതന്ത്ര്യമായി പ്രവേശിച്ച് അവുരമായി കൂട്ടായ്മ ആചരിക്കുവാന് സാധിക്കുകയുള്ളൂ.

മാര്ത്ത ഭൌതിക ആഹാരത്തിന്നായി യേശുവില് നിന്ന് ദൂരെയായി കാണപ്പെട്ടപ്പോള് ആത്മീയ അത്താഴത്തിന്നായി മറിയ യേശുവിന്റെ കാല്ക്കല് ഇരുന്നു. ഭൌതിക അത്താഴം കഴിച്ചാല് ചില മണിക്കൂറുകള് കഴിയുമ്പോള് അതിന്റെ പ്രയോജനം ഇല്ലാതെയാകും. എന്നാല് ആത്മീക അത്താഴം എത്രകഴിച്ചാലും നമുക്ക് തൃപ്തി വരത്തില്ല. പിന്നെയും കഴിച്ചുകൊണ്ടിരിക്കണെന്നാണ് ആഗ്രഹം. പുതിയത് ലഭിക്കാന് വാഞ്ച കൂടിക്കൊണ്ടിരിക്കും. അപൂര്ണ്ണമായിരിക്കുന്ന മനുഷ്യഹൃദയത്തിലേക്ക് യേശു തന്റെ വചനമാകുന്ന അത്താഴം പങ്കിട്ട് അവനെ പൂര്ണ്ണനാക്കി നിര്ത്തുന്നു. വചനത്തെക്കുറിച്ചുള്ള പരിജ്ഞാനക്കുറവില് പലരും നേര്വഴിയും സത്യത്തിലും നിലനില്ക്കാതെ വഴിവിട്ടുപോകുന്നു.

വാതില്ക്കല് നിന്നു മുട്ടുന്നു എന്നുള്ളതിനെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങള് നിലവിലുണ്ട്.

അങ്ങനെ നിങ്ങള് ഇതൊക്കെയും കാണുമ്പോള് അവന് അടുക്കെ വാതില്ക്കല് തന്നെ ആയിരിക്കുന്നു എന്ന് അറിഞ്ഞുകൊള്വിന്. മത്തായി. 24: 33. സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാന് ഒരുവന്റെ നേരെ ഒരുവന് ഞരങ്ങിപ്പോകരുത്. ഇതാ ന്യായാധിപതി വാതില്ക്കല് നില്ക്കുന്നു. യാക്കോ. 5: 9. ഞാന് ഉറങ്ങുന്നുവെങ്കിലും എന്റെ ഹൃദയം ഉണര്ന്നിരിക്കുന്നു. വാതില്ക്കല് മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം. ഉത്ത. 5: 2-6. ഈ വാക്യങ്ങളുടെ അടിസ്ഥാനത്തില് കര്ത്താവിന്റെ പുനഃരാഗമനവാതില്ക്കല് എന്നും അതല്ല, ആത്മാക്കള്ക്കുവേണ്ടി ഹൃദയവാതില്ക്കല് എന്നും അഭിപ്രായങ്ങളുണ്ട്. പുനഃരാഗമനവാതില്ക്കല് എങ്കില് അതിനായി ആരും കര്ത്താവിനെ ക്ഷണിക്കേണ്ടതില്ല. ആത്മാക്കളുടെ

ഹൃദയവാതില്ക്കല് കര്ത്താവിനെ രക്ഷിതാവായി സ്വീകരിക്കാത്തവരുടെ വാതില് എന്നതും അല്ല ഇവിടുത്തെ വിഷയം. മറ്റു സഭകളോടെന്നപോലെ ഇതും സഭയോടുള്ള ദൂതാണ്. മന്ദോഷ്ണാവസ്ഥയിലുള്ള ഏതു സഭകള്ക്കും പരിഹാരം ഉണ്ടാകണമെങ്കില് സഭയിലുള്ളവര് ഓരോരുത്തരും തങ്ങളുടെ ഹൃദയവാതില് തുറന്ന് കര്ത്താവിനായി സമര്പ്പിക്കേണം. ഈ വാക്യം സുവിശേഷഘോഷണത്തില് പാപികളെ ക്രിസ്തുവിങ്കലേക്ക് ക്ഷണിക്കുവാനായി ഉപയോഗിക്കാറുണ്ട്. അപ്രകാരം ഒരു ആശയം സ്വീകരിക്കുന്നതില് തെറ്റൊന്നുമില്ല. എന്നാല് ഇതിന്റെ പ്രാഥമിക ലക്ഷയ്ം വിശ്വാസികള്ക്കുള്ളതാണ്.

1. ലൂക്കോ. 14: 16-സുവിശേഷത്തിന്റെ അത്താഴം
2. 1 കൊരി. 11: 17-27- കര്ത്താവിന്റെ അത്താഴം
3. വെളി. 19: 7-10- കുഞ്ഞാടിന്റെ അത്താഴം
4. വെളി. 19: 17, 18- മഹാദൈവത്തിന്റെ അത്താഴം

വാക്യം. 3: 21. "ജയിക്കുന്നവന് ഞാന് എന്നോടുകൂടെ എന്റെ സിംഹാസനത്തില് ഇരിപ്പാന് വരം നല്കും. ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തില് ഇരുന്നതുപോലെതന്നെ."

ജയാളികളായിത്തീരുവാനുള്ള ആഹ്വാനം വീണ്ടും ഇവിടെ നാം കാണുന്നു. നമ്മുടെ കര്ത്താവ് ഭൂമിയിലിരുന്നപ്പോള് അവിടുന്ന് എങ്ങനെ ജയിച്ചുവോ അതുപോലെ നാമും ജയാളികളായിതീരണം എന്നുള്ളതാണ് കര്ത്താവ് ആഗ്രഹിക്കുന്നത്. നമ്മുടെ യേശു ആണ് ആദ്യത്തെ ജയാളി. ലോകത്തെയും പിശാചിനെയും ജയിച്ചു നമുക്ക് നല്ലൊരു മാതൃക കാണിച്ചിരിക്കുന്നു. അതിനാല് താന് ഉയര്ത്തപ്പെട്ട് പിതാവിനോടൊപ്പം സിംഹാസനത്തില് ഇരുത്തപ്പെട്ടു. ഇപ്പോള് നാമും ജയിച്ചാല് ഒരിക്കല് നമുക്കും കര്ത്താവിനോടൊപ്പം തന്റെ കാന്തയായി സിംഹാസനത്തില് ഇരിപ്പാന് ഇടയാകും. ഇത് ഏറ്റവും മെച്ചവും ഉല്കൃഷ്ടവുമായ വാഗ്ദത്തമത്രെ. ഈ വാഗ്ദത്തം ക്രിസ്തുവിനോടു ബന്ധപ്പെട്ടാണ് നില്ക്കുന്നത്. നിങ്ങള് വാതില് തുറന്നാല് എന്നോടുകൂടെ അത്താഴം കഴിക്കും. നിങ്ങള് പരീക്ഷകളെ തരണം ചെയ്ത് വിജയം കൈവരിച്ചാല് എന്നോടുകൂടെ സിംഹാസനത്തില് ഇരിക്കും. വ്യവസ്ഥാനുസരണമുള്ള വാഗ്ദത്തമാണ് ഇത്. ക്രിസ്തുവിന്റെ ഇടത്തും വലത്തും തന്റെ മക്കളെ ഇരുത്തണമെന്ന ആവശ്യവുമായി സെബദി മക്കളുടെ അമ്മ ഒരിക്കല് കര്ത്താവിനെ സമീപിച്ചു. അത് അവിടുന്ന് അംഗീകരിച്ചില്ല. മത്തായി. 20: 20-23. കാരണം അത് പിതാവ് നിശ്ചയിക്കുന്ന ജയാളികള്ക്കുവേണ്ടി നീക്കി വെച്ചിരിക്കുകായണ്. പിതാവായ ദൈവം മാനിക്കുന്നവര്ക്ക് ലഭിക്കും. കര്ത്താവ് സ്നേഹിക്കുന്നവര്ക്ക് ഒരുക്കിയിട്ടുള്ളത് കാണുവാന് നമ്മുടെ ആത്മീക കണ്ണുകള് തുറക്കേണം.

"സഹിക്കുന്ന എങ്കില് കൂടെ വാഴും." 2.തിമോ. 2: 12. ക്രിസ്തുവിന്റെ ഉയര്ച്ച അവന്റെ കഷ്ടതയുടെ ഫലമായിരുന്നു. ഫിലി. 2: 6: 10. സഭയുടെ ഉയര്ച്ച ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളില് പങ്കാളികളാകുന്നതിനാല് സിദ്ധിക്കേണ്ട ഒന്നാണ്. ക്രൂശ് കൂടാതെ കിരീടം ലഭിക്കുകയില്ല. കര്ത്താവിന്റെ മഹാപുരോഹിത

പ്രാര്ത്ഥനയില് താന് പിതാവിനോടു അപേക്ഷിക്കന്നത് ഇപ്രകാരമാണ് ''നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ടു എനിക്കു നല്കിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവര് കാണേണ്ടതിന് ഞാന് ഇരിക്കുന്ന ഇടത്തു അവരും എന്നോടുകൂടെ ഇരിക്കേണം എന്ന് ഞാന് ഇച്ഛിക്കുന്നു''. യോഹ. 17: 24. ഈ അപേക്ഷ നിവൃത്തിയാക്കാന് പോകുന്നു. വിശുദ്ധന്മാര് കര്ത്താവിനോടുകൂടെ വസിക്കും. കര്ത്താവായ യേശു വരുന്നത് ജയാളികളായ തന്റെ വിശുദ്ധന്മാരെ ചേര്ക്കുവാനാണ്.

''ഞാനും ജയിച്ചു എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തില് ഇരുന്നതുപോലെ'' എന്നുള്ളത് പാപങ്ങള്ക്ക് പരിഹാരം വരുത്തിയ ശേഷം ഇരുന്ന കാര്യമാണിവിടെ സൂചിപ്പിക്കുന്നത്. ക്രിസ്തു മല്ക്കീസദേക്കിന്റെ ക്രമപ്രകാരം രാജപുരോഹിതനാണ്. ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു എന്നു നാം വായിക്കുന്നു. മത്താ. 26: 64; മര്ക്കോ. 16: 19; കൊലോ. 3: 1; ഏബ്രാ. 1: 3; 8: 1ച 10: 13; 12: 2; 1. പത്രോ. 3: 22. ദൈവത്തിനും ക്രിസ്തുവിനുമുള്ള സിംഹാസനത്തെക്കുറിച്ചും വെളി. 22: 1ല് പറയുന്നുണ്ട്. ഇവിടെ വാഴ്ചയുടെ കാര്യം അല്ല പറയുന്നത്. പിന്നേയൊ ദൈവത്തോടുകൂടെ ക്രിസ്തുവിനുള്ള സ്ഥാനം വിജയാളിക്ക് ക്രിസ്തുവിനോടുകൂടെ ലഭിക്കും എന്നതാണ് ഇവിടെ പറഞ്ഞിരിക്കന്നത്. ക്രിസ്തു ഇരിക്കുന്നിടത്ത് ജയാളികള് ഇരിക്കണെന്നാണ് കര്ത്താവിന്റെ ആഗ്രഹ്#ം. ഞാന് ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കല് ചേര്ത്തുകൊള്ളും. യോഹ. 14: 3.

കര്ത്താവ് പിതാവിന്റെ സിംഹാസനത്തിന് അവകാശി ആണെങ്കിലും ക്രൂശിലെ മരണത്താല് ശത്രുവിനെ ജയിച്ചതിനാലുള്ള അര്ഹതയാണ് ഈ വാക്യത്തിലെ വിഷയം. അപ്രകാരം തന്നെ ദൈവമക്കള് എന്ന പദവിപ്രകാരം ഒരുവന് കര്ത്താവിനോടുകൂടെ ഇരിപ്പാന് യോഗ്യനാണെങ്കിലും അത് അനുഭവിക്കാനുള്ള പ്രാഗത്ഭ്യവും ധൈര്യവും ലഭിക്കുന്നത് ജയജീവിതത്താലാണ്. സഹിക്കുന്നുവെങ്കില് കൂടെ വാഴും. 2. തിമോ. 2: 11.

പിശാചായി തീര്ന്ന ലൂസിഫര് സിംഹാസനത്തിനുവേണ്ടി മത്സരിച്ചു. യെശയ്യ. 14: 13. ദൈവത്തിന്റെ പ്രവൃത്തികള്ക്ക് അധിപതി ആയിരുന്നു, അടക്കിവാഴുവാന് ആക്കിയിരുന്ന ആദാമിനെ പിശാചു പരീക്ഷിച്ചു വീഴ്ത്തി. ഏബ്രാ. 2: 5-8. എന്നാല് കര്ത്താവായ യേശുക്രിസ്തു സ്വര്ഗ്ഗത്തിലും ഭൂമിയിലും സര്വ്വാധികാരവും നേടി എടുത്തു. മത്താ. 28: 18; ഏബ്രാ. 2: 9. സിംഹാസനം പങ്കുവെക്കുവാന് മനസ്സുള്ള ജയാളിയായി നാം യേശുവിനെ കാണുന്നു. ''ഞാന് ഇരിക്കുന്ന ഇടത്തു എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും.'' യോഹ. 12: 26. ''ഞങ്ങള് സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ. ഞങ്ങള്ക്ക് എന്തുകിട്ടും'' എന്ന് പത്രോസ് ഒരിക്കല് ചോദിച്ചു. സിംഹാസനം നല്കുമെന്നാണ് കര്ത്താവ് മറുപടി പറഞ്ഞത്. മത്താ. 19: 27. വെളി. 7: 15ല്

സിംഹാസനത്തില് മുമ്പില് ഇരുന്നു ദൈവത്തെ ആരാധിക്കുന്ന എണ്ണിക്കൂടാതെ പുരുഷാരത്തെ നാം കാണുന്നു. എന്നാല് സഭയ്ക്ക് കര്ത്താവ് ഒരുക്കിയിരിക്കുന്ന ശ്രേഷ്ഠപദവി കര്ത്താവ് ഇരിക്കുന്ന സിംഹാസനം തന്നെയാണ്. മണവാളന് ഒപ്പം മണവാട്ടി ഇരുത്തപ്പെടും. ജയാളിയായ യേശുക്രിസ്തു ജയിച്ചു പിതാവിന്റെ സിംഹാസനത്തില് ഇരുന്നതുപോലെ ജയാളിയായ സഭയും യേശുക്രിസ്തുവിനോടുകൂടെ സിംഹാസനത്തില് ഇരിക്കും. ജയിക്കുന്നവര്ക്കുള്ള പ്രതിഫലമാണ് അത്. അഹശ്വരേശ് രാജാവ് മോര്ദ്ദേഖായിയെയും ഫറവോന് യോസേഫനിയും ബഹുമാനിച്ചു. എങ്കിലും തങ്ങളുടെ സിംഹാസനത്തില് ഇരുത്തിയില്ല. എന്നാല് നാം ക്രിസ്തുവിനോടുകൂടെ സിംഹാസനത്തിലിരിക്കും. ഇത് എത്രയോ വലിയ സന്തോഷമാണ്. കാന്തയ്ക്ക് കാന്തനോടൊപ്പം ലഭിക്കുവാന് പോകുന്ന സ്വര്ഗ്ഗീയ പദവി ശ്രേഷ്ഠമേറിയതാണ്.

ജയിക്കുന്നവനെ കര്ത്താവിന്റെ സിംഹാസനത്തില് ഇരുത്തും. ജയിച്ച ജയവീരനായ കര്ത്താവിനെ പിതാവ് തന്റെ സിംഹാസനത്തില് ഇരുത്തിയതുപോലെ തന്നെ ഇരുത്തുന്നു. പിതാവിന്റെ സിംഹാസനം താന് ഇരിക്കുന്ന സിംഹാസനമല്ല. തന്റെ വകയായ സിംഹാസനം എന്നാണര്ത്ഥം. ഇപ്രകാരം പുത്രന്റെ വകയായ സിംഹാസനം ജയാളികളായ വിശുദ്ധന്മാര്ക്ക് നല്കുന്നു. മത്താ. 19: 28; വെളി. 4: 4. ഈ ലോകത്തില് ദൈവദാസന്മാര്ക്ക് സിംഹാസനമോ, വാഴ്ചയോ ഇല□ല. കുരിശു കൂടാതെ സിംഹാസനമില്ല. എന്നാല് പുനരുത്ഥാനശേഷം പിതാവ് പുത്രനു സിംഹാസനം നല്കിയതുപോലെ വിശുദ്ധന്മാര് അക്കരെ നാട്ടില് എത്തുമ്പോള് പുത്രനായ ക്രിസ്തു അവര്ക്ക് സിംഹാസനങ്ങള് നല്കും. വെളി. 20: 4ല് സിംഹാസനങ്ങള് എന്ന ബഹുവചനം ശ്രദ്ധിക്കുക. മത്താ. 19: 28ല് അപ്പോസ്തലന്മാര്ക്കുള്ള പ്രത്യേക സിംഹാസനങ്ങള് കാണുന്നു. 1 കൊരി. 6; 2-ല് എല്ലാ വിശുദ്ധന്മാര്ക്കുമുള്ള അവകാശത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ആകയാല് കര്ത്താവനുവദിക്കുന്ന പ്രത്യേക സിംഹാസനങ്ങള് നമുക്ക് ഉണ്ടായിരിക്കും. തന്റെ ഇരിപ്പിടത്തില് ഇരുത്തും എന്നല്ല, സിംഹാസനത്തില് ഇരുത്തും എന്നാണ് വാഗ്ദത്തം. നമ്മെ തന്റെ സിംഹാസനത്തില് എന്നുമാത്രമല്ല, തന്നോടുകൂടെ ഒരുമിച്ചു ഇരുത്തും എന്നാണ് വാഗ്ദത്തം. ഈ അത്യുന്നത പദവി പ്രാപിക്കുവാന് തക്കവണ്ണം അവസാനം വരെ ഉത്സാഹമുള്ളവരായി നമുക്ക് ജീവിക്കാം.

വാക്യം. 3: 22. “ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവന് കേള്ക്കട്ടെ.” കര്ത്താവ് വാതില്ക്കല് നിന്നു മുട്ടുന്ന ശബ്ദം കേള്ക്കത്തക്കവിധം ആരവമുണ്ടാക്കുന്ന ലവോദിക്യാസഭയെ സംബന്ധിച്ചിടത്തോളം മറ്റുള്ളവയില് നിന്ന് വ്യത്യസ്തമായി ഈ പ്രഖ്യാപനത്തിന് പ്രാധാന്യമുണ്ട്. ആത്മാവ് സഭകളോടാണ് സംസാരിക്കുന്നത്. ഓരോ ദൂതും എല്ലാ സഭകള്ക്കും കൂടെയാണ്. തുയഥൈരാ സഭയോടു പറയുമ്പോള് “ സകല സഭകളും അറിയും” എന്ന് എടുത്ത് പറയുന്നുണ്ട്. 2: 23; 2: 7, 11, 29; 3: 6, 13, 22. ഈ ദൂത് സഭകള്ക്കെന്നപോലെ വ്യക്തികള്ക്കും ബാധകമാണ്. “ ചെവിയുള്ളവന് കേള്ക്കട്ടെ ” എന്നു പറയുന്നു.

കൂടാതെ സഭകളിലെ മൂപ്പന്മാര്ക്കും ബാധകമാണ്. സഭയുടെ ദൂതന് എഴുതുക എന്ന് പറഞ്ഞശേഷം ചെവിയുള്ളവന് കേള്ക്കട്ടെ എന്ന് പറയുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഈ സന്ദേശങ്ങള് ഏഴു സഭകളിലെ ആളുകള്ക്കായി മാത്രമല്ല, എല്ലാ തലമുറകളിലുമുള്ള എല്ലാവരോടും ഉള്ള ദൂതുകളാണ്.

കര്ത്താവ് വരുന്നത് ജയാളികളായ തന്റെ വിശുദ്ധന്മാരെ ചേര്ക്കുവാനാണ്. ആകയാല് സഭ അവളുടെ ആദ്യസ്നേഹത്തെ കാത്തു സംരക്ഷിക്കുന്നു. കഷ്ടം സഹിക്കുന്നതില് ഇടറിപോകരുത്. അപ്പോസത്ലിക ഉപദേശം കാത്തുസംരക്ഷിക്കണം. ശീതോഷ്ണാവസ്ഥയോടു വിട പറഞ്ഞ് പരിശുദ്ധാത്മനിറവില് വിശുദ്ധ ജീവിതം നയിക്കേണം. സഭയുടെ മഹത്വമേറിയ നില അതിന്റെ ആദ്യത്തേതിനേക്കാള് ശ്രേഷ്ഠമേറിയതായിരിക്കും. പരിശുദ്ധാത്മാവ് ഒരിക്കലായി അരുളിചെയ്ത സന്ദേശം എന്നേക്കുമായിട്ടാണ്. അത് ശ്രവിക്കുകയും ജീവിതത്തില് പ്രവൃത്തി പദത്തില് കൊണ്ടു വരികയും ചെയ്യേണ്ട ഉത്തരവാദിത്വം വ്യക്തിപരമായിട്ടാണ്. ആത്മാവിന്റെ മുന്നറിയിപ്പനുസരിച്ച് ജീവിക്കുന്നവര് ജയാളികളാണ് (തുടരും)